(ബി) കളവുമുതൽ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ;

(സി) കുറ്റവാളികളെ കണ്ടെത്തുകയും അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ടോ;

(ഡി) അന്വേഷണം നടത്തുന്നതിൽ കാലതാമസം ഉണ്ടായതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ഉത്തരം

(എ) തളിപ്പറമ്പ് പോലീസ് സ്റ്റേഷനിലെ ക്രൈം 373/03 ആയി എടുത്ത കേസ് കോടതിയിൽ വിചാരണ നടന്നുവരുന്നു. ഒലവക്കോട് കേസ് സി.ബി.ഐ.-യുടെ അന്വേഷണത്തിലാണ്.

(ബി) കഴിഞ്ഞിട്ടില്ല.

(സി) തളിപ്പറമ്പ് കേസിൽ കുറ്റാരോപിതരായ രണ്ട് ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥരെ പോലീസ് അറസ്റ്റ് ചെയ്തിരുന്നു. മറ്റ് കുറ്റവാളികളെ ഇതുവരെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ഒലവക്കോട് കേസിൽ സി.ബി.ഐ.-യുടെ അന്വേഷണം തുടരുന്നു. കുറ്റവാളികളെ കണ്ടെത്തിയിട്ടില്ല.

(ഡി) ഇല്ല.

ഫോറസ്റ്റ് വകുപ്പ് സുനാമി ബാധിതർക്ക് നൽകിയ തടി

88 [576] ശ്രീ. കെ. സുധാകരൻ:
„ ജോർജ്ജ് ജെ. മാത്യു:
„ എം. എ. ചന്ദ്രശേഖരൻ:
„ പ്രയാർ ഗോപാലകൃഷ്ണൻ:
„ എൻ. ഡി. അപ്പച്ചൻ: താഴെ കാണുന്ന ചോദ്യത്തിന് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സുനാമിതിരമാലകളിൽപ്പെട്ട് തകർന്ന ബോട്ടുകൾക്കും വള്ളങ്ങൾക്കും പകരം ബോട്ടുകളും വള്ളങ്ങളും നിർമ്മിക്കുന്നതിന് സംസ്ഥാനത്തെ ഫോറസ്റ്റ് വകുപ്പ് സംസ്ഥാനത്തുള്ള മത്സ്യത്തൊഴിലാളികൾക്ക് എത്രത്തോളം തടി സൗജന്യമായി നൽകി എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

വനം വകുപ്പിൽ നിന്നും തടി നൽകിയിട്ടില്ല.

വനം വകുപ്പ് ഫണ്ട് ഉപയോഗിച്ച് ഗതാഗതയോഗ്യമാക്കുന്ന റോഡുകൾ

89 [577] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ ഈ സാമ്പത്തിക വർഷം വനം വകുപ്പ് ഫണ്ട് ഉപയോഗിച്ച് എത്ര റോഡുകൾ ഗതാഗതയോഗ്യമാക്കുന്നുണ്ടെന്ന് പേരുസഹിതം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly